بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلى عبده المسيح الموعود

ഖുത്വ്ബ നമ്പർ 42

# ജുമുഅ ഖുത്വ്ബ 2011 ഒക്ടോബർ 21

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
## ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ


Baitul Futuh, London

# വിജയകരമായ യൂറോപ്യൻ പര്യടനം

ഒരു മാസത്തിൽ കൂടുതലായി യൂറോപ്യൻ പര്യടനത്തിലായിരുന്നു. ജർമ്മനി, നോർവെ, ഹോളണ്ട്, ഡന്മാർക്ക്, ബെൽജിയം എന്നിവിടങ്ങളിലാണ് സന്ദർശിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സന്ദർശന വേളയിൽ ഓരോ നിമിഷവും അല്ലാഹുവിന്റെ അനുഗ്രഹം ദർശിക്കാൻ സാധിച്ചു. ജമാഅത്തിനകത്ത് വിശ്വാസവും ആത്മാർത്ഥതയും കൂറും ദർശിക്കാൻ സാധിച്ചതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അന്യരിൽ ജമാഅത്തിന്റെ സ്വാധീനവും അവർക്ക് ജമാഅത്തുമായുള്ള ബന്ധം വർദ്ധിച്ചതും അതിന്നായുള്ള പരിശ്രമവും അതേപോലെ ഇസ്‌ലാമിനെ മനസ്സിലാക്കാനുള്ള അനിതരസാധാരണമായ താൽപര്യവും മുമ്പത്തെക്കാളുപരി ദൃശ്യമാകുകയുണ്ടായി. ജമാഅത്തിന്റെ ഓരോ കാൽവെപ്പും തന്നെ പുരോഗതിയിലേക്കാണ് മുന്നേറുന്നത് എന്നത് അല്ലാഹുവിന്റെ വലിയ ഫള്‌ലാണ്. നമ്മുടെ പ്രയത്നത്തേക്കാളുപരി ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കുറിച്ച് ജനങ്ങൾ അറിയുന്നു അദ്ദേഹം മുഖേന ലോകത്ത് വ്യാപിച്ചു കൊണ്ടിരിക്കുന്ന യഥാർത്ഥ ഇസ്‌ലാമിക അധ്യാപനങ്ങളുടെ നല്ല സ്വാധീനം അനുഭവിച്ചറിയാനും സാധിക്കുന്നു. ഇവയെല്ലാം തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യസന്ധതയെ കുറിച്ച് ഒരു അഹ്മദിക്ക് കൂടുതൽ ദൃഢത സംഭാവന ചെയ്യുന്നു. മനുഷ്യ പ്രയത്നത്തെക്കുറിച്ച് ചർച്ച ചെയ്യുകയാണെ ങ്കിൽഭൗതിക ദൃഷ്ടിയിൽ നോക്കിയാൽ നമ്മുടെ ജമാഅത്ത് ഒരു കൊച്ചു ജമാഅത്താണ്. ആരാലും പരിഗണിക്കപ്പെടാത്ത ഒന്നാണിത്. എന്നാൽ ജനങ്ങളുടെ ഇതിലേക്കുള്ള ശ്രദ്ധയും നമ്മുടെ പുരോഗതിയും എല്ലാം തന്നെ അല്ലാഹു നേരത്തെ നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ ഫലമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. നമ്മുടെ ജമാഅത്തിനെ സംബന്ധിച്ച് അല്ലാഹുവിന്റെ വലിയ വലിയ വാഗ്ദാനങ്ങളുണ്ട്. ഏതെങ്കിലും മനുഷ്യന്റെ ബുദ്ധിക്കോ ശക്തിക്കോഭൗതിക സാധനസാമഗ്രികൾക്കോ നമ്മെ ആ വിജയത്തിലേക്ക് എത്തിക്കാൻ കഴിയില്ല.

നമ്മുടെ എതിരാളികൾ കരുതുന്നത്ഭൗതിക പാർട്ടികളെപ്പോലെ ഇതും ഒരു പാർട്ടിയാണെന്നാണ്. മുസ്‌ലിം കക്ഷികളിൽ ബഹുഭൂരിഭാഗവും ജമാഅത്തിനെ കുറിച്ച് കരുതുന്നത് ഇതാണ്. അതല്ലെങ്കിൽ ഉലമാവർഗം ഈ ഒരു തെറ്റിദ്ധാരണയിലാണ് ഭൂരിപക്ഷത്തെയും അകപ്പെടുത്തിയിരിക്കുന്നത് ഇതും ഭൗതികമായ ഒരു പാർട്ടിയാണെന്നാണ്. വിവിധങ്ങളായ രീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അവഹേളിക്കുകയും അവർ ആ മഹാത്മാവിന് വിവിധ പേരുകൾ വെക്കുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ ഹൃദയത്തെ മുറിവേൽപിച്ചുകൊണ്ടിരിക്കുന്നു.

ഇവർ എന്തു തന്നെ മനസ്സിലാക്കിക്കൊള്ളട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. അല്ലാഹുവാണ് ഈ പ്രസ്ഥാനം സ്ഥാപിച്ചത് എന്ന് ഞാൻ അറിയുന്നു. അവന്റെ ഫള്‌ല് കൊണ്ടാണ് ഇത് വളരുന്നത്. അല്ലാഹുവിന്റെ ഉദ്ദേശ്യമില്ലെങ്കിൽ ഒരു സമൂഹവും തന്നെ പുരോഗതി പ്രാപിക്കില്ല എന്നതാണ് അടിസ്ഥാന തത്വം. അത് വളർന്ന് പന്തലിക്കുകയുമില്ല. എന്നാൽ ഏതെങ്കിലും വ്യക്തിയെ അല്ലാഹു ആഗ്രഹിച്ചു കഴിഞ്ഞാൽ ആ സമൂഹം ഒരു വിത്ത് പോലെ വിതക്കപ്പെടുന്നു. വിത്ത് മുളച്ച് വലുതാകുന്നതിന് മുമ്പ് വരെ അത് വളർന്ന് പന്തലിക്കുമെന്നുള്ള ശരിയായ ഒരറിവ് ആർക്കും ഉണ്ടാകില്ല. ഇതേപോലെ ഇങ്ങനെയുള്ള സമൂഹത്തിന്റെ വിജയവും അസംഭവ്യമായി ജനങ്ങൾ കരുതുന്നു. ചുരുക്കത്തിൽ ഇത് അല്ലാഹുവിന്റെ ജമാഅത്താണ്. ഓരോ നിമിഷവും അല്ലാഹുവിന്റെ സഹായം നമുക്ക് ജമാഅത്തിനോടൊപ്പം ദൃശ്യമാകുന്നുണ്ട്. ജമാഅത്തിന്റെ പുരോഗതി കണ്ടുകൊണ്ട് ഭൗതികരും ജമാഅത്തിന്റെ എതിരാളികളും ഒന്നുകൂടി ഇളകിയിരിക്കുകയാണ്. അതു കാരണം ജമാഅത്തിനോടുള്ള ശത്രുതയും ഇക്കാലത്ത് ശക്തമായി കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഖുത്വ്ബയിൽ ഇക്കാര്യം ഞാൻ പറഞ്ഞതാണ്. മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ഈ ജമാഅത്ത് വിജയിക്കണം എന്നത് അല്ലാഹു ഉറപ്പിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ വിജയം മസീഹ് മൗഊദ് (അ) ന്റെ ജമാഅത്ത് മുഖേനയായിരിക്കും ഉണ്ടാകുക. ഇത് തീർച്ചയായും ഉണ്ടാകും. **ഇൻശാ അല്ലാഹ്.**

നമ്മുടെ എതിരാളികളുടെ ഈ കുത്സിത ശ്രമങ്ങളും ശത്രുതയും എല്ലാം പാഴായിപ്പോകുന്നതാണ്. സദ്പ്രകൃതക്കാർ ഈ ജമാഅത്തിന്റെ മടിത്തട്ടിൽ വന്നണയുന്നതാണ്. (ഇൻശാ അല്ലാഹ്.)

എന്റെ യാത്രകൾക്ക് ശേഷം ആ യാത്രയുടെ ഒരു ചെറുവിവരണം ഞാൻ പൊതുവിൽ നൽകാറുള്ളതുപോലെ ഇന്നും അതു സംബന്ധമായി ചില കാര്യങ്ങൾ വിവരിക്കുന്നതാണ്. അൽ ഫള്‌ലിൽ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടിൽ അതിന്റെ വിശദ വിവരം ഏകദേശം വരുന്നതാണ്. ചിലത് ഞാനിവിടെ വിവരിക്കാം. ഇതിൽ എന്നും വിവിധ രീതിയിൽ ഇറങ്ങുന്ന അല്ലാഹുവിന്റെ ഫള്‌ലിനെ കുറിച്ച് നമുക്ക് അറിയാൻ സാധിക്കുന്നതാണ്.

ഈ സന്ദർശനവേളകളിൽ അഹ്മദികൾക്ക് എത്രയോ പ്രയോജനം ലഭിക്കുന്നു എന്നതിൽ ഒരു സംശയവുമില്ല. ഇസ്‌ലാമിലേക്ക് ശ്രദ്ധ തിരിയുന്ന അന്യർക്കും ഇതു മുഖേന പ്രയോജനം ലഭിക്കുന്നുണ്ട്. അവരുടെ മുമ്പാകെ ഇസ്‌ലാമിന്റെ യഥാർത്ഥ ചിത്രം സമർപ്പിക്കാനുള്ള അവസരം ലഭ്യമാകുന്നു. ചില വിദ്യാസമ്പന്നരും രാഷ്ട്രീയ നേതാക്കളും ഭരണ തലത്തിലുള്ളവരും മനസ്സിലാക്കുന്നത് ഭൗതികമായ വല്ല നേട്ടത്തിനും വേണ്ടിയോ അതല്ലെങ്കിൽ അവർ താമസിക്കുന്ന ചുറ്റുപാട് മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് അഹ്മദികൾ തങ്ങളുമായി ഇടപഴകുന്നവരോട് ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശം നൽകുന്നത് എന്നാണ്. അതിനാണ് ഇസ്‌ലാ മിന്റെ ഈ സുന്ദര ചിത്രം ഇവർ

സമർപ്പിക്കുന്നത് എന്നാണ്. എന്നാൽ ഇവർ അഹ്മദിയ്യത്തിനെ കുറിച്ച് നേരത്തെ കേട്ടിട്ടുണ്ടെങ്കിലും എന്താണ് അഹ്മദിയ്യത്ത് എന്ന് എന്നിൽ നിന്നും നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നു എന്നാണ് എനിക്ക് പല സ്ഥലങ്ങളിൽ നിന്ന് മനസ്സിലായിട്ടുള്ളത്. അവർക്ക് മനഃസംതൃപ്തിക്ക് വേണ്ടി നേരിട്ടു കേൾക്കാനാണ് ആഗ്രഹം. അതുകൊണ്ട് അന്യരു മായുള്ള മുലാഖാത്തുകളിൽ പരസ്പരമുള്ള ബന്ധം വർദ്ധിപ്പിക്കുകയും പരിചയപ്പെടുകയും എല്ലാം ചെയ്യുന്നതോടൊപ്പം വിദ്യാസമ്പന്നരായവർക്ക് ഇസ്‌ലാമിനെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ അകറ്റാനുള്ള അവസരം കൂടി ലഭിക്കുന്നു. ജർമ്മനി ജമാഅത്ത് തബ്‌ലീഗിന്റെ കാര്യത്തിൽ, മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുന്ന കാര്യത്തിൽ പ്രത്യേകമായ ഒരു ശ്രമമാണ് നടത്തി കൊണ്ടിരിക്കുന്നത്. അവരുടേ ഈ പരിശ്രമം മുമ്പത്തെക്കാൾ എത്രയോ മടങ്ങു അധികമാണ്. ഇതു കാരണം ഇസ്‌ലാമിന്റെ സന്ദേശവും ജമാഅത്തി നെ കുറിച്ചുള്ള തബ്‌ലീഗും വളരെയധികം ജർമ്മൻ ജനങ്ങളിൽ എത്തി ക്കൊണ്ടിരിക്കുകയാണ്. ഇപ്രാവശ്യംവും വിദ്യാസമ്പന്നരായ ആളുകളുമായി എനിക്ക് ബന്ധപ്പെടാനുള്ള അവസരം അവർ ഒരുക്കിയിരുന്നു. ഫ്രാൻക് ഫർട്ടിൽ യൂണിവേഴ്സിറ്റിയിലെ രണ്ട് പ്രൊഫസർമാർ കാണാൻ വന്നിരുന്നു. അവരെ മുലാഖാത്ത് നടത്താനുള്ള അവസരം ഒരുക്കിയത് നമ്മുടെ യുവാക്കളാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുറച്ച് കാലമായി ജർമ്മനിയിലെ യുവ തലമുറയിൽ നല്ല ഉണർവ്വുള്ളതായി ഞാൻ കാണുന്നു. അവരുടെ മറ്റുള്ളവരുമായുള്ള ബന്ധങ്ങളും വളരെ വ്യാപ്തി കൈവരിച്ചുകൊണ്ടിരിക്കുന്നു. തബ്‌ലീഗിലേക്ക് താത്പര്യം പ്രകടമാണ്. ചില മുലാഖാത്തുകളെ കുറിച്ച് ഇവിടെ വിവരിക്കാം. ജമാഅത്തീ പ്രോഗ്രാമുകളെ കുറിച്ചും പ്രതിപാദിക്കുന്നതാണ്.

ഫ്രാൻക്ഫർട്ടിൽ മാർഗോവ് യൂണിവേഴ്സിറ്റിയിലെ രണ്ട് പ്രൊഫസർമാർ കാണാൻ വന്നിരുന്നു. ഇരുവരും പി.എച്ച്.ഡി ഡോക്ടറാണ്. ഹൈരി ഹേക്കർ, എഫ്.എച്ച് ഫ്യൂസ് എന്നതാണ് അവരുടെ പേരുകൾ. യൂണിവേഴ്സിറ്റിയിലെ ഇസ്‌ലാമിക്ക് സ്റ്റഡീസിന്റെ പ്രൊഫസർമാരാണ് ഇരുവരും. അറബി ഇവർക്കറിയാം. ഇസ്ലാമിനെ കുറിച്ചും നല്ല അറിവുണ്ട്. അതിൽ ഒരാൾ തുർക്കി ഭാഷയിലും സ്പെഷലൈസ് ചെയ്തിട്ടുണ്ട്. ഇസ്‌ലാമിക ചരിത്രം എന്നതായിരുന്നു ഇവരുടെ വിഷയം. ഇസ്‌ലാമിന്റെ ചരിത്രത്തെ കുറിച്ച് ഞാനുമായി സംസാരിച്ചു. പാശ്ചാത്യ എഴുത്തുകാരുടെ സ്വാധീനത്തിൽ അകപ്പെട്ട ചരിത്രകാരന്മാരുടെ പുസ്തകങ്ങൾ മാത്രം വായിക്കാതെ ചരിത്രത്തിന്റെ അടിസ്ഥാനമായ അറബി ഗ്രന്ഥങ്ങളും ഹദീസുകളും നിങ്ങൾ പഠന വിധേയമാക്കേണ്ടതാണ്. ഇതേപോലെ ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ് (റ) ന്റെ ഗ്രന്ഥം സീറത്തുന്നബിയും നിങ്ങൾ വായിക്കണം. അതിന്റെ ഒരു ഭാഗം തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. അതവർക്ക് നൽകി. ഇത് വായിച്ചാൽ നിങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാകും. അതിൽ ആക്ഷേപങ്ങളും അതിന് മറുപടിയും നൽകിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ ബാക്കി ഭാഗവും തർജ്ജമ ചെയ്യുവാൻ അല്ലാഹു സഹായിക്കട്ടെ. ഇത് വളരെ നല്ല് ഒരു പുസ്തകമാണ്. ഇതു മുഖേന തിരുനബിയുടെ ജീവചരിത്രം അറിയാൻ സാധിക്കുന്നതോടൊപ്പം ഇസ്‌ലാമിനെതിരിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മറുപടി കൂടി ലഭിക്കുന്നതാണ്. ഇവരുടെ യൂനിവേഴ്സിറ്റി ലൈബ്രറിയിൽ വിശുദ്ധ ഖുർആന്റെ തഫ്സീറിന്റെ ഫൈവ് വോള്യങ്ങൾ, സീറത്തുന്നബിയുടെ ഇംഗ്ലീഷിൽ തർജ്ജുമ ചെയ്യപ്പെട്ട ഒരു ഭാഗം എന്നിവ വെക്കാൻ തീരുമാനമായിട്ടുണ്ട്. ഇൻശാ അല്ലാഹ്. അതവിടെ എത്തിക്കുന്ന താണ്. എം.ടി.എ കാണാനും ഞാനവരോട് പറഞ്ഞിട്ടുണ്ട്. ഇതു കണ്ട് ഞാൻ എത്രയോ സദ്പ്രകൃതക്കാർക്ക് ഇസ്‌ലാമിന്റെ ശരിയായ വശം അറിയാൻ സാധിച്ചിട്ടുണ്ട്. അവർ ചോദിച്ചു. മിസിറിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ നിങ്ങളുടെ എന്താണുള്ളത്. ഞാനവരോട് പറഞ്ഞു. കുറച്ചു വർഷങ്ങൾക്ക് മുമ്പ് അവരുടെ പ്രൊഫസർമാരുമായി ചർച്ചകൾ നടന്നിരുന്നു. അതിനെ തുടർന്ന് നമ്മുടെ അറബി ഡസ്കിലെ ശരീഫ് ഔഫേ സാഹിബും മറ്റും അവർക്കയച്ചുകൊടുക്കാനായി ഒരു പുസ്തകം തയ്യാറാക്കിയിരുന്നു. അതവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അവരുടെ ഹൃദയം കഠിനമാണ്. അത് അംഗീകരിക്കുന്നില്ലെങ്കിൽ സദ്പ്രകൃതക്കാർ ഇത് വായിച്ചാൽ തീർച്ചയായും അവരുടെ ഹൃദയത്തിൽ മാറ്റമുണ്ടാകും. സുദീർഘമായ കൂടിക്കാഴ്ച്ച യായിരുന്നു ഇത്. വളരെ നല്ല സ്വാധീനവുമായാണ് അവർ പോയത്.

ഫ്രാൻക്ഫർട്ടിൽ രണ്ട് മസ്ജിദുകൾക്ക് തറക്കല്ലിടാൻ സാധിച്ചു. ഒരു പള്ളിയുടെ തറക്കല്ലിടൽ ചടങ്ങിൽ അവിടെ മേയറുടെ പ്രതിനിധിയായി ഡെപ്യൂട്ടി മേയർ വന്നിരുന്നു. അവിടെയുള്ള പരിപാടിയിൽ അദ്ദേഹം സംസാരിച്ചിരുന്നു. ഞാനും ഇസ്‌ലാമിന്റെ മഹത്വത്തെ കുറിച്ച് പ്രസംഗിച്ചു. പിന്നീട് അദ്ദേഹം പറയുകയുണ്ടായി. ഞാൻ കേട്ടിട്ടുള്ളത് അമുസ്‌ലിംകൾക്ക് ഖുർആൻ നോക്കുന്നതും പഠിക്കുന്നതും എല്ലാം കുറ്റകരമായിട്ടാണ് ഇസ്‌ലാം കാണുന്നതെന്നാണ്. ഇങ്ങനെയുള്ള വിശ്വാസങ്ങൾ പഴഞ്ചനല്ല. ഈ ആധുനിക യുഗത്തിലും ഇതെല്ലാം നിലവിലുണ്ട്. ഞാൻ അദ്ദേഹത്തോട് ചോദിച്ചു ആരാണ് ഇത് നിങ്ങളോട് പറഞ്ഞത്? നിങ്ങൾ ഇവിടെ തിലാവത്ത് കേട്ടു, അതിന്റെ തർജ്ജമ കേട്ടും. തിരുനബി (സ) സർവ്വലോകർക്കും വേണ്ടിയാണ് വന്നത്. മുഴുവൻ സമൂഹത്തിന് വേണ്ടിയാണ് വന്നത്. ഇത് പ്രഖ്യാപിക്കാൻ അല്ലാഹു പറയുകയുണ്ടായി. സദ്പ്രകൃതക്കാരായ എല്ലാവർക്കും വിശുദ്ധ ഖുർആൻ കാരുണ്യവും ഔഷധവുമാണ്. അതുകൊണ്ട് നിങ്ങൾ കേട്ടത് തെറ്റാണ്. ഞങ്ങൾ വിശുദ്ധ ഖുർആൻ തർജ്ജമ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് നിങ്ങൾക്ക് നൽകപ്പെടുന്നതാണ്. അത് വായിക്കുക. വിശുദ്ധ ഖുർആനെ കുറിച്ചുള്ള ഈ ഒരു കാഴ്ച്ചപ്പാടാണ് ഇന്നും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. വിശുദ്ധ ഖുർആന്റെ പ്രചാരണത്തിനായി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന അഹ്മദികളെ തടയാനാണ് മറ്റ് മുസ്ലിംകൾ ശ്രമിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ ഇന്ത്യയിലെ ഡൽഹിയിൽ വിശുദ്ധ ഖുർആന്റെ ഒരു എക്സിബിഷൻ നടക്കുകയുണ്ടായി. ഒരു നല്ല സ്ഥലത്ത് വളരെ വിപുലമായ എക്സിബിഷനായിരുന്നു. അതിമനോഹരമായ രീതിയിൽ അത് സജ്ജമാക്കിയിരുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളാണ് അതിൽ പ്രദർശിപ്പിച്ചിരുന്നത്. ഹിന്ദുക്കളും സിക്കുകാരും ക്രിസ്ത്യാനികളും വിദ്യാസമ്പന്നരായ മുസ്ലിംകളും അവിടം സന്ദർശിച്ചുകൊണ്ടിരുന്നു. മൂന്ന് ദിവസത്തെ എക്സിബിഷനായിരുന്നു. ആദ്യത്തെ രണ്ട് ദിവസം ഇതിന്നെതിരിൽ നാമധാരികളായ മുല്ലാവർഗം പ്രതിഷേധപ്രകടനങ്ങൾ നടത്തുകയുണ്ടായി. വല്ല കലാപവും ഉണ്ടാകുമോ എന്ന് പോലും ഗവർമെന്റ് ഭയപ്പെട്ടിരുന്നു. അതുകൊണ്ട് മൂന്നാം ദിവസം ഗവർമെന്റിന്റെ ആളുകൾ വന്ന് പ്രദർശനം നിർത്തി വെക്കാൻ ജമാഅത്തിനോട് അപേക്ഷിക്കുക യുണ്ടായി. ഈ എക്സിബിഷനെ അവിടെയുള്ള പ്രമുഖ പത്രങ്ങൾ പുകഴ്ത്തി എഴുതുകയുണ്ടായി. ഇത് ഉന്നത നിലവാരം പുലർത്തുന്ന എക്സിബിഷ നാണെന്നും വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളും അതിലെ പാഠങ്ങളും ഇപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായതെന്ന് അവർ എഴുതി. വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്ന മനോഹരമായ ഈ

അധ്യാപനങ്ങളെ കുറിച്ച് ഞങ്ങൾക്ക് ഇതിനു മുമ്പേ ഒരറിവും ഉണ്ടയിരുന്നി ല്ലെന്ന് ചില മുസ്ലിംകൾ പോലും പറയുകയുണ്ടായി. എന്നാൽ മുല്ലാവർക്ഷം എപ്പോഴും ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കുകയാണ് പതിവ്. എന്തെന്തെല്ലാം തെറ്റായ സങ്കൽപങ്ങളാണ് ജമാഅത്തിനെ കുറിച്ച് ഇവർ വെച്ചു പുലർത്തുന്നത്. ഞാൻ കത്തുകൾ വായിക്കുമ്പോൾ ഇന്നലെയോ മിനിയാന്നോ ലഭിച്ച ഒരു കത്തിൽ ഒരാൾ പാക്കിസ്ഥാനിൽ നിന്നും എഴുതുന്നു. ഞാൻ ഒരനഹ്മദിയുടെ വീട്ടിൽ അനുശോചനം അറിയിക്കാൻ പോയ തായിരുന്നു. അവിടെ വെച്ച് പല കാര്യങ്ങളും സംസാരിച്ചുകൊണ്ടിരുന്നു. ഒരാൾ പറഞ്ഞു അഹ്മദിയ്യത്തിലേക്ക് പരിവർത്തനം ചെയ്യുന്ന രീതിയെ കുറിച്ച് ഞാൻ കേട്ടത് ഇപ്രകാരമാണ്. അഹ്മദി ആകുന്നതിനു മുമ്പ് ആദ്യം അവരെ ഒരു റൂമിൽ പൂട്ടിയിടും. അവിടെ അലമാരിയിൽ വിശുദ്ധ ഖുർആൻ വെക്കും. എന്നിട്ട് അലമായി ഇളക്കാൻ പറയും വിശുദ്ധ ഖുർആൻ നിലത്ത് വീഴുകയാണെങ്കിൽ അവൻ യഥാർത്ത അഹ്മദിയാണെന്ന് കരുതപ്പെടുന്നതാണ്. ഇങ്ങനെയുള്ള കുപ്രചരണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് ലഅ്നത്ത് ചെല്ലുകയല്ലാതെ മറ്റെന്തു ചെയ്യാണാണ്. സമൂഹത്തെ മൊത്തം വിഡ്ഢിയാക്കി വെച്ചിരിക്കുകയാണ്. ചിന്തിക്കാനോ കാര്യങ്ങൾ ഗ്രഹിക്കാനോ ഉള്ള ഒരു അവസരവും വിട്ടുകൊടുത്തില്ല.

ഞാൻ ജർമ്മനി സന്ദർശനത്തെ കുറിച്ചാണ് പറഞ്ഞു വരുന്നത്. ജർമ്മനിയിൽ ഫ്രാൻക്ഫർട്ടിൽ ഉള്ളപ്പോൾ ഖുദ്ദാം അത്ഫാൽ ലജ്ന എന്നിവരുടെ ഇജ്തിമാഇൽ പങ്കെടുക്കാൻ സാധിച്ചു. നിങ്ങൾ എം.ടി.എ മുഖേന ഇത് കണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടേക്കുള്ള എന്റെ യാത്രയും ഇജ്തിമാഇലുള്ള സാന്നിധ്യവും മുഖേന അല്ലാഹു വളരെയധികം അനുഗ്രഹങ്ങൾ ചൊരിയുകയുണ്ടായി. ആദ്യമയാണ് ഞാൻ ഇജ്തിമാഇൽ അത്ഫാലിന്റെ നിലവാരമനുസരിച്ച് അൽപം കാര്യങ്ങൾ അവരോട് സംസാരിച്ചത്. അതിനുശേഷം ഞങ്ങൾ ഇതനുസരിച്ച് പ്രവർത്തിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ടുള്ള കത്തുകൾ അവിടെ വെച്ചു തന്നെ ലഭിക്കാൻ തുടങ്ങി. അതിൽ തൗഫീഖ് ലഭിക്കാനായി ദുആ ചെയ്യാൻ അപേക്ഷക്ക് വന്നു. ചില ഉദാഹരണങ്ങൾ പറഞ്ഞിരുന്നു. മൊബൈൽ ഫോണ് വേണമെന്നുള്ള കുട്ടികളുടെ ഡിമാന്റിനെ കുറിച്ചും ടി.വി.യുടേയും ഇന്റർനെറ്റിന്റെയും മുമ്പിൽ എപ്പോഴും ചടഞ്ഞിരി ക്കുന്നതിനെ കുറിച്ചും മറ്റും ഞാൻ പറഞ്ഞിരുന്നു. അപ്പോൾ കുട്ടികൾ അതിൽ നിന്നെല്ലാം വിട്ടുനിൽക്കും എന്ന് വാക്കു തരികയുണ്ടായി.

എപ്പോഴും മിതത്വം പാലിക്കുകയണ് വേണ്ടത്. നമ്മുടെ കുട്ടികളും മുതിർന്നവരും മനസ്സിലാക്കേണ്ട ഒരു കാര്യം എല്ലാ അനുവദനീയമായ കാര്യങ്ങളും തന്നെ മിതത്വത്തിൽ നിന്നുകൊണ്ടായിരിക്കണം ചെയ്യേണ്ടത്. തെറ്റായ നിഷിദ്ധമായ കാര്യങ്ങളുടെ അടുത്തേക്ക് പോലും പോകരുത്. ഈ ഒരാത്മാവ് നമ്മുടെ യുവാക്കളിലും കുട്ടികളിലും ഉണ്ടായിക്കഴിഞ്ഞാൽ ഈ കുട്ടികളുടെയും യുവാക്കളുടെയും ഭാവി നന്നായിത്തീരുന്നതോടൊപ്പം ജമാഅത്തിന്റെ മൊത്തതിലുള്ള തർബിയ്യത്തിൽ ഇത് സ്വാധീനം ചെലുത്തുകയും ചെയ്യുന്നതാണ്. ഖുദ്ദാമുൽ അഹ്മദിയ്യാ എന്റെ വാക്കുകൾ കേട്ട് അതിനെ പ്രാവർത്തികമാക്കാൻ ആവും വിധം ശ്രമിക്കുകയും ചെയ്തു. *അല്ലാഹു അവർക്ക് ഇതെല്ലാം സ്ഥായിയായ നിലയിൽ പ്രാവർത്തി കമാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇവർ വാക്കുകൾ കേട്ടുടനെ ഉത്തരമരുളിയതിന് അല്ലാഹു പ്രതിഫല നൽകുകയും ചെയ്യട്ടെ.*

ലജ്നയിലും വളരെ നല്ല പ്രോഗ്രാമാണ് നടന്നത്. ഇതിനെ കുറിച്ച് നേരത്തെ ഞാൻ പറഞ്ഞതാണ്. ഒരു കാര്യം ലോകത്തുള്ള മുഴുവൻ ലജ്നകളെയും ഓർമ്മിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ നൽകിയ ഖുത്ബ്ബയുടെ അടിസ്ഥാനത്തിൽ ഒരു സ്ത്രീ എനിക്കെഴുതി. മെയിൻ പന്തലിൽ വളരെ നിശബ്ദതയോടു കൂടി താങ്കളുടെ പ്രഭാഷണം വളരെ ഭംഗിയായി കേൾക്കാൻ സാധിച്ചു. എന്നാൽ കുട്ടികൾക്കായുണ്ടാ ക്കിയ പന്തലിൽ കുട്ടികളുടെ ശബ്ദം ഉണ്ടാകുന്നതു തന്നെയാണ്. ഞങ്ങൾ ഏതായാലും അകലത്താണല്ലൊ ഇരിക്കുന്നത് എന്ന് കരുതി മാതാക്കൾ യാതൊരു നിയന്ത്രണവുമില്ലാതെ അവിടെ ഇരുന്ന് സംസാരിച്ചു കൊണ്ടിരിക്കുന്നു. ലജ്നക്ക് വേണ്ടി നാം ഒരു പ്രത്യേക പന്തൽ നിർമ്മിക്കുന്നത് കുട്ടികളുടെ ഉമ്മമാർക്കിരിക്കാനാണ്. ആ ഉമ്മമാർ ശ്രദ്ധിക്കേണ്ടത് കഴിവതും കുട്ടികളെ ആംഗ്യത്തിലൂടെ നിശബ്ദരാക്കാൻ ശ്രമിക്കുക. എന്നിട്ട് പ്രഭാഷണങ്ങൾ എല്ലാം ശ്രദ്ധാ പൂർവ്വം കേൾക്കുക. അവിടെ നടക്കുന്ന പരിപാടികൾ ശ്രദ്ധിക്കണം. കേൾക്കണം. നിങ്ങൾക്ക് സൊറ പറഞ്ഞിരിക്കാനല്ല ഈ പ്രത്യേക പന്തൽ സൗകര്യപ്പെടുത്തിത്തരുന്നത് എന്നത് ഓർക്കണം. ഭാവിയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും സംഘാടകർക്ക് ഇതിലേക്ക് പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കുകയും വേണം.

ഫ്രാൻക്ഫർട്ടിൽ മറ്റും ജമാഅത്തീ പ്രോഗ്രാമുകൾ നടന്നു കൊണ്ടിരുന്നു. അതിന്റെയെല്ലാം വിവരണം റിപ്പോർട്ടിൽ വരുന്നതാണ്. ഏകദേശം രണ്ടാഴ്ച്ചയാണ് അവിടെ താമസിച്ചത്. അതിനു ശേഷം നോർവ്വെയിലേ ക്കാണ് പോയത്. നോർവ്വെയിൽ മസ്ജിദ് നസ്റിന്റെ ഉദ്ഘാടനം നടന്നതായി ഖുത്ബ്ബയിലൂടെ നിങ്ങൾ അറിഞ്ഞതാണ്. മാശാ അല്ലാഹ് വളരെ മനോഹരമായ പള്ളിയാണത്. ഇവിടെ നിന്നും ചിലർ പോയിരുന്നു. അവരും കണ്ടതാണ്. വലിയ മസ്ജിദാണ്. ഉത്തര യൂറോപ്പിലെ ഏറ്റവും വലിയ പള്ളിമാത്രമല്ലത്. എന്റെ അനുമാനം മസ്ജിദ് ബൈത്തുൽ ഫുത്തൂഹിന് ശേഷം എന്റെ അനുമാനമല്ല എനിക്ക് ഉറപ്പുണ്ട്, ഈ പള്ളിക്ക് ശേഷം യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയാണിത്. അവിടത്തെ ജമാഅത്ത് ചെറിയ ജമാഅത്താണ്. എന്നാൽ ഈ മസ്ജിദ് കാണുമ്പോൾ അവർ വലിയ ജമാഅത്താണെന്നാണ് തോന്നുക. അതുമല്ലെങ്കിൽ പണക്കാരുടെ ജമാഅത്താണെന്നാണ് തോന്നുക. എന്നാൽ രണ്ടും ശരിയല്ല. ഇത് വലിയ ജമാഅത്തല്ല. വലിയ പണക്കാരുമല്ല അവർ. പള്ളി ഉണ്ടാക്കണം എന്ന ചിന്ത വന്നതോടു കൂടി അവർക്ക് ഇതിലേക്ക് ശ്രദ്ധയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ കാലത്താണ് ഈ സ്ഥലം വാങ്ങിയത്. അതിൽ ഒരു ഹാൾ ബേസ്മെന്റ് എന്ന നിലക്ക് ഉണ്ടാക്കുകയും ചെയ്തു. അന്ന് മസ്ജിദിന്റെ ബേസ്മെന്റ് ഉണ്ടാക്കാൻ അവർ ആഗ്രഹിച്ചിരിക്കാം. ആദ്യത്തെ പ്ലാൻ പിന്നീട് മാറ്റുകയുണ്ടായി.

കേന്ദ്രം ആ കാലത്ത് നാലഞ്ച് ലക്ഷം പൗണ്ട് നൽകി അവരെ സഹാ യിച്ചിരുന്നു. എന്നിട്ട് അവരുടെ കഴിവനുസരിച്ച് ഈ മസ്ജിദ് സ്വയം നിർമ്മിക്കാൻ അവരോട് പറയുകയും ചെയ്തു. 2003 ൽ ഞാൻ അവരെ ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരുന്നു. എന്നാൽ നോർവേ ജമാഅത്തിന് ഒരു കുലുക്കവും ഉണ്ടായിരുന്നില്ല. ഓരോരോ കാര്യം പറഞ്ഞുകൊണ്ടിരി ക്കും. എന്നെയും അവർ വല്ലാതെ ബുദ്ധിമുട്ടിപ്പിച്ചു. അവസാനം ഞാൻ അവരോട് പറഞ്ഞു. നിങ്ങൾക്ക് ഇഷ്ടമുള്ളത് നിങ്ങൾ ചെയ്തോളൂ. വലിയ മസ്ജിദ് ഉണ്ടാക്കാൻ കഴിയില്ലെങ്കിൽ ചെറിയ ഒരു സ്ഥലമെടുത്ത് ചെറിയ ഒരു മസ്ജിദെങ്കിലും ഉണ്ടാക്കുക. നാം എടുത്ത സ്ഥലം വിൽക്കാൻ പോലും ജമാഅത്ത് ആലോചിക്കുകയുണ്ടായി. ചിലർ വിൽക്കരുതെന്ന് അഭിപ്രാ യപ്പെടുകയും ചെയ്തു. ഏതായിരുന്നാലും ഇത് എത്രയോ ഉചിതമായ സ്ഥലമാണെന്നും ടൗണിൽ നിന്നും എയർപ്പോർട്ടിലേക്ക് പോകുന്ന റോഡിന്റെ ഓരത്താണ് ഇത് ഉള്ളത്. നല്ല ഉയർന്ന സ്ഥലമാണ് അതുകൊണ്ട്

വിൽക്കരുത് എന്ന് തീരുമാനമായി. 2006ൽ ഞാൻ പോയപ്പോൾ അവിടെ ജുമുഅക്ക് വേണ്ടി എടുത്തിരുന്ന ഹാൾ ഈ സ്ഥലത്തിന് വളരെ അടുത്താ യിരുന്നു എന്നത് യാദൃശ്ചികം മാത്രം. അന്ന് ഖുത്വ്ബയിൽ ഞാൻ അവരോട് ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് പറഞ്ഞിരുന്നു. ഞാൻ പറഞ്ഞു നോർവ്വെ യിൽ മസ്ജിദുകൾ നിർമ്മിക്കപ്പെടും ഇൻശാ അല്ലാഹ്. ഒന്നോ രണ്ടോ അല്ലാ. എല്ലാ സ്ഥലങ്ങളിലും മസ്ജിദ് ഉണ്ടാകും ജമാഅത്തിനെ വ്യാപിപ്പിക്കും എന്നത് അല്ലാഹുവിന്റെ വിധിയാണ്. എന്നാൽ നിങ്ങളുടെ ഭാവി തലമുറ ഇതിലൂടെ കടന്നു പോകുമ്പോൾ ഈ സ്ഥലം നോക്കിക്കൊണ്ട് അവർ ഇങ്ങനെ നെടുവീട്പ്പിടുന്നതാണ്.ഇത്രയും നല്ല ഒരു സ്ഥലം നമ്മുടെ പൂർവ്വികർക്ക് കിട്ടിയിട്ടും അവരത് നഷടപ്പെടുത്തുകയുണ്ടായി. അതുകൊണ്ട് അല്ലാഹുവിനെ അൽപം ഭയപ്പെടുക. നിങ്ങൾ തീരുമാനമെടു ത്തത് നടപ്പിൽ വരുത്തുക. ഏകദേശം ഇതേ രീതിയിലാണ് ഞാൻ അവരുടെ ശ്രദ്ധ ക്ഷണിച്ചിരുന്നത്. നിങ്ങളുടെ മക്കളുടെ മുമ്പാകെ ഉത്തമ മാതൃക നിങ്ങൾ നിലനാട്ടുക. അവരുടെ ദുആക്ക് അവകാശികളായിത്തീരുക.

കാലത്തിന്റെ ഖലീഫ പറഞ്ഞ കാര്യങ്ങൾ കേൾക്കുകയും അത് പ്രാവർത്തികമാക്കാൻ പരിശ്രമിക്കുകയും ചെയ്യുക എന്നതും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന്റെ ഒരു സൗന്ദര്യമാണ്. ഒരു ആവേശം അവരിൽ അലതല്ലുന്നു. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്: ജമാഅത്തിന്റെ ആത്മാർത്ഥതയും കൂറും കണ്ടിട്ട് നമുക്ക് ചിലപ്പോൾ അത്ഭുതം തോന്നുന്നു. നോർവ്വെ ജമാഅത്ത് ഇത് ഉണ്ടാക്കണം എന്ന് ഉപദേശിക്കുകയും അവരെ ഉപദേശിച്ചപ്പോൾ അവർ ഉണരുകയും ചെയ്തപ്പോൾ ത്യാഗങ്ങളുടെ ഉത്തമ മാതൃക അവർ കാഴ്ച്ചവെക്കുകയും ചെയ്തു. അത് ദീർഘമായ ഒരു വിവരണമാണ്. നോർവ്വെയിലെ ചെയ്ത ഖുത്ബയിൽ ചിലത് ഞാൻ കേൾപ്പിക്കുകയും ചെയ്തിരുന്നു. ഏകദേശം നൂറ് മില്ല്യനെക്കാളും കൂടുതൽ ചെലവഴിച്ചുകൊണ്ടാണ് ഈ മസ്ജിദിന്റെ പണി പൂർത്തിയായത്. ഇത് ഏകദേശം 12 മില്ല്യൻ പൗണ്ടാണ്. 12 ലക്ഷമല്ല. 12 മില്ല്യൻ പൗണ്ട്. ഇതിനെക്കാളും കൂടുതലായിരിക്കും ഇതിന്റെ തുക. ഞാൻ പറഞ്ഞതുപോലെ അത്രവലിയ സമ്പന്നരൊന്നുമല്ല അവർ. എന്നാൽ ഇവരെ ഉണർത്തിയപ്പോൾ ഭാവി തലമുറക്കായി ഏത് മാതൃകയാണ് നിങ്ങൾ വിട്ടേച്ച് പോകുന്നതെന്ന് അവരെ ബോദ്ധ്യപ്പെടുത്തിയപ്പോൾ താൽക്കാലിക ആവേശത്തിൽ അവർ അടിമപ്പെട്ടില്ല. ഒരു അഹ്മദിയിൽ എപ്പോഴും ഒളിഞ്ഞിരിക്കുന്ന നന്മയുടെ ആ വികാരം ഉണരുകയുമാണുണ്ടായത്. അവർക്ക് താൽക്കാലിക ആവേശമാണ് ഉണ്ടായിരുന്നതെങ്കിൽ ഒരു വർഷത്തിന് ശേഷം അവർ തളർന്ന് പോയേനേ. ചില ഘട്ടങ്ങളിൽ ജമാഅത്ത് സംവിധാനം ഇത് മുന്നോട്ട് പോകില്ല എന്നു വരെ എനിക്കെഴുതിയിരുന്നു. എന്നാൽ വീണ്ടും അവരെ ഉണർത്തിയപ്പോൾ അവർ വീണ്ടും ഉണരും. അങ്ങനെ അഞ്ചാറ് വർഷത്തെ ത്യാഗങ്ങൾക്ക് ശേഷം അവിടത്തെ ഏറ്റവും വലിയ മസ്ജിദ് അവർ പൂർത്തിയാ ക്കുകയുണ്ടായി. ആകെ അവരുടെ എണ്ണസംഖ്യ തൊള്ളായിരമാണ്. ടൗണിലേക്ക് പോകുമ്പോൾ അതിമനോഹരമായ കാഴ്ചയാണ് ഇത്. അവിടത്തെ പ്രധാനമന്ത്രിപോലും പറഞ്ഞത് ഈ വഴിയിലൂള്ള മനോഹര കാഴ്ച്ചയിൽ ഒരു പകിട്ട് കൂടി ഇത് ചാർത്തിയിരിക്കുന്നു എന്നാണ്. എമ്പതിനായിരമോ തൊണ്ണൂറായിരമോ വാഹനങ്ങൾ നിത്യവും ഇതിലൂടെ കടന്നു പോകുന്നുണ്ട്. അവരെല്ലാം ഈ മസ്ജിദ് കാണുന്നു.

രുചി ഒരു പ്രാവശ്യം പിടിച്ചുകഴിഞ്ഞാൽ പിന്നെ അത് നേടാൻ ശ്രമിക്കും എന്ന് പറയാറുണ്ട്. നോർവ്വെ ജമാഅത്തിലെ അധികം പേരുടെയും അവസ്ഥ ഇതായിമാറിക്കഴിഞ്ഞു എന്നാണ് തോന്നുന്നത്. അവർ പത്ത് വർഷംവരെ പള്ളി ഉണ്ടാക്കാൻ കഴിയുമോ എന്ന ചിന്തയിലായിരുന്നു. പ്രയാസങ്ങളുടെ നീണ്ട പട്ടികയാണ് അവർ സമർപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അവർ പറയുന്നത് അവിടെ അടുത്തൊരു പട്ടണമുണ്ട്. ക്രിസ്ത്യൻ സാൻച് എന്നാണ് അതിന്റെ പേര്. അവിടെ ചെറിയൊരു ജമാഅത്തുണ്ട്. അവിടെയും ഞങ്ങൾ മസ്ജിദ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. അതിനുള്ള ചെലവും കുറേ വരുന്നുണ്ട്. നോർവ്വെയിൽ വിലക്കയറ്റവും വളയെ രൂക്ഷമാണ്. ഞാൻ അവരോട് പറഞ്ഞു. ഈ മസ്ജിദ് നിങ്ങൾ ഉപ്പോൾ പൂർത്തിയാക്കിയതെ ഉള്ളൂ. പെട്ടെന്ന് പുതിയ മസ്ജിദിന്റെ പണു എങ്ങനെ തുടങ്ങാൻ നിങ്ങൾക്ക് സാധിക്കും. ഇപ്പോൾ അവർക്ക് ധൈര്യം കൈവന്നിരിക്കുന്നു. ചില വ്യക്തികൾ പറഞ്ഞത് ഇൻശാ അല്ലാഹ് ഞങ്ങൾ ഉണ്ടാക്കും എന്നാണ്. അല്ലാഹു ഫളൽ ചെയ്യുന്നതാണ്. ഈ ഒരാവേശവും വികാരവുമാണ് ഒരഹ്മദിയിൽ ഉള്ളത്. ഒരു പ്രാവശം തീർച്ചപ്പെടുത്തിയാൽ പിന്നെ അതിനെ തടയാൻ കഴിയില്ല. ഉദ്ദേശം ശുദ്ധമാണെങ്കിൽ എല്ലാ ബന്ധനങ്ങളും തകർന്നടിയുന്നു. എല്ലാ തടസ്സങ്ങളും ഇല്ലാതായിത്തീരുന്നു. ഇത് ഏതെങ്കിലും ഒരു വ്യക്തിയുടെയോ ചില വ്യക്തികളുടെയോ പ്രവർത്തനമല്ല. മറിച്ച് ഹൃദയത്തെ മാറ്റുക എന്നതും അതിൽ ബറക്കത്ത് ഇടുക എന്നതും അല്ലാഹുവിന്റെ ഫള്ലാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്ത വാഗ്ദാനങ്ങൾ പൂർത്തിയാകുന്നു എന്നതിനുള്ള തെളിവാണിത്. അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞിരുന്നു: യൻസുറുക രിജാലുൻ നൂഹീ ഇലൈഹിം മിനസ്സമാഇ ആകാശത്ത് നിന്ന് നാം ദിവ്യബോധനം നൽകുന്നവർ നിന്നെ സഹായിക്കുന്നതാണ്. ഉദ്ദേശവും നിയ്യത്തും എല്ലാം നന്മയിൽ അധിഷ്ടിതമാവുകയും അതിലേക്ക് ശ്രദ്ധ ഉണ്ടാവുകയും ചെയ്തപ്പോൾ അല്ലാഹുവിലേക്ക് അവർ തിരിയുകയും ചെയ്തപ്പോൾ എപ്പോൾ ത്യാഗത്തിന് തയ്യാറായിരിക്കുമാറ് അല്ലാഹു അവരുടെ ഹൃദയം തുറക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇസ്ലാമിനെ പരിചയപ്പെടുത്തുന്നതി ന്നായി മസ്ജിദുകൾ നിർമ്മിക്കുക എന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആജ്ഞയെ നടപ്പിൽ വരുത്തുന്നതിനും അവർ തയ്യാറായി. ആ പദ്ധതികൾ നിർവ്വഹിക്കുന്നവർ അല്ലാഹുവിന്റെയും അവനെ റസൂലിന്റെയും കൽപനകൾ നടപ്പിൽ വരുത്തുന്നവരായിരിക്കും. ഇതു മുഖേന ഇസ്ലാമിനെ മനോഹരമായി ലോകസമക്ഷം സമർപ്പിക്കാൻ സാധിക്കുന്നു. അത് കണ്ട് ലോകം അന്തം വിട്ട് നിൽക്കുന്നു. അതുകൊണ്ട് ജമാഅത്തംഗങ്ങൾ സദ്പ്രവർത്തിക്കായി തങ്ങളുടെ അവസ്ഥ മാറ്റാൻ ശ്രമിച്ചു. അപ്പോൾ അവരുടെ കഴിവിലും പ്രാപ്തിയിലും എല്ലാം അല്ലാഹു വിശാലത നൽകുകയും ചെയ്തു. ഇവിടെ മാത്രമല്ല മറ്റു സ്ഥലങ്ങളിലും അല്ലാഹു ഇങ്ങനെ വ്യാപ്തി നൽകിക്കൊണ്ടിരിക്കുകയാണ്.

ഈ സന്ദർശനത്തിൽ മുമ്പത്തെക്കാളുപരി ആത്മാർത്ഥതയിലും കൂറിലും വളർന്നവരെയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. *ഇവരുടെ വിശ്വാസവും ആത്മാർത്ഥതയും അല്ലാഹു എപ്പോഴും വർദ്ധിപ്പിച്ചു നൽകട്ടെ. ഓരോ അഹ്മദിയുടെയും ഈമാനും ഇഖ്ലാസും അല്ലാഹു വർദ്ധിപ്പിച്ചു നൽകട്ടെ.*

തർബിയത്ത് കാര്യത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തപ്പെടേണ്ട യൂറോപ്യൻ നാടുകളിൽ പെട്ടതാണ് നോർവ്വെയും. ഭൗതികതയോടാണ് കൂടുതൽ താൽപര്യം. ഇപ്രാവശം കാര്യങ്ങൾ ഉപദേശിച്ചപ്പോൾ അവിടെയുള്ള സ്ത്രീകളുടെയും കുട്ടികളുടെയും യുവതിയുവാക്ക

ളുടെയും മുതിർന്നവരു ടെയും മുഖങ്ങളിൽ നിന്ന് നാണവും വ്യസനവും ദർശിക്കാൻ സാധിച്ചു. ഞങ്ങളുടെ ബലഹീനത കാരണങ്ങൾ ദൂരീകരിക്കുന്നതാണെന്ന ദൃഢനിശ്ചയം അവരിൽ നിന്ന് പ്രകടമായി. വാഖിഫീനെ നൗ ആൺകുട്ടികളുടെയും പൺകുട്ടികളുടെയും ക്ലാസ്സിൽ അവരുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് മനസ്സിലാക്കിക്കൊടുത്തപ്പോൾ ഈ ദൃഢനിശ്ചയം അവരിലും കണ്ടതാണ്. വഖ്ഫെ നൗ പെൺകുട്ടികളിൽ ഇത് വളരെ കൂടുതലായി കണ്ടു. ഞങ്ങൾ ഞങ്ങളുടെ അവസ്ഥ മാറ്റും എന്ന് മാത്രമല്ല ഞങ്ങളുടെ ചുറ്റുപാടിന്റെ അവസ്ഥയും മാറ്റുന്നതാണെന്ന് അവർ വാക്ക് തരികയുണ്ടായി. അതേപോലെ ഞങ്ങളുടെ വസ്ത്രധാരണത്തിലും പരിപാലിക്കുന്നതിലും വന്ന വീഴ്ച്ചകൾ ഞങ്ങൾ പരിഹരിക്കുന്നതാണെന്നും ഒരു അഹ്മദീ പെൺകുട്ടിയുടെ നിലവാരം കൈവരിക്കാൻ ശ്രമിക്കുന്നതാണെന്നും ജമാഅത്തിനകത്തും പുറത്തും ഒരു മാതൃകാപരമായ ജീവിതം നയിക്കുന്നതാണെന്നും അവർ പറയുകയു മുണ്ടായി. *അല്ലാഹു തആല അവർക്ക് ലോകത്തുള്ള ഓരോ അഹ്മദി പെൺകുട്ടിക്കും അവർ അഹ്മദിയ്യത്തിന്റെ യഥാർത്ഥ പ്രതീകങ്ങളായി മാറ്റാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.* നമ്മുടെ പെൺകുട്ടികളുടെയും സ്ത്രീകളുടെയും സംസ്കരണം സാധ്യമായി കഴിഞ്ഞാൽ ഭാവി തലമുറയുടെ തർബിയ്യത്തും നടക്കുമെന്ന ഗ്യാരണ്ടി നമുക്ക് ലഭിക്കുന്നതാണ്. അല്ലാഹുവാണ് ബർക്കത്ത് ഇടുന്നത്.

നോർവ്വെ ജമാഅത്ത് ഈ അഞ്ചു വർഷത്തിനുള്ളിൽ വളരെയധികം പല കാര്യങ്ങളിലും മെച്ചപ്പെട്ടതായി എനിക്ക് അനുഭവപ്പെട്ടു. മറ്റു ഇവരോടൊപ്പം നോർവ്വെയിൽ നടന്ന പരിപാടികളെക്കുറിച്ചും അൽപം വിവരിക്കാം. നോർവ്വെ ഗവർമെന്റിന് നന്ദിരേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ജൂലൈ മാസത്തിൽ അവിടെ നടന്ന സംഭവത്തിന്റെ പാശ്ചാത്തലത്തിലും അതേ പോലെ അവർക്ക് ലഭിച്ച മറ്റ് അറിവുകളുടെയും അടിസ്ഥാനത്തിൽ സെക്യൂരിറ്റിയുടെ വളരെ നല്ല സംവിധാനം അവർ ഒരുക്കിയിരുന്നു. ഞാൻ അവിടെ താമസിച്ചത്രയും ദിവസം മസ്ജിദിലും എന്റെ കൂടെ സെക്യൂരിറ്റി സംവിധാനം ഉണ്ടായിരുന്നു. *അല്ലാഹു അവർക്ക് അതിനുള്ള പ്രതിഫലം നൽകട്ടെ.* ഒരു പാർലിമെന്റ് മെമ്പർ പാർലിമെന്റ് ഹൗസ് സന്ദർശിക്കാനുള്ള ഒരു പ്രോഗ്രാമും വെച്ചിരുന്നു. അതിൽ നാലഞ്ച് പാർലിമെന്റ് മെമ്പർമാരും ഉണ്ടായിരുന്നു. ആ ചെറിയ ഒരു റിസപ്ഷനും അവിടെ ഉണ്ടായിരുന്നു. അവിടെയും വളരെ നല്ല പ്രോഗ്രാമാണ് നടന്നത്. അവിടത്തെ പാർലിമെന്റ് പ്രസിഡന്റ് ഇവിടെ സ്പീക്കർ എന്നാണ് പറയാറ്, അന്റർബന് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹവുമായി മുലാഖാത്ത് നടത്തി. ജമാഅത്തിനെ കുറിച്ച് അദ്ദേഹത്തോട് വിശദമായി വിവരിക്കാൻ അവസരം ലഭിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്നതിന്റെ ഉദ്ദേശ്യം ആ മഹാത്മാവിനെ കുറിച്ചുള്ള തിരുനബി (സ) യുടെ പ്രവചനം എല്ലാം വിശദമായി വിവരിക്കുകയുണ്ടായി. ശിആക്കളും സുന്നികളും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ചോദിച്ചു. ഏതായാലും പല കാര്യങ്ങളും സംസാരിച്ചു.

ഇതേ പോലെ വിവിധ പത്രങ്ങളുടെ റേഡിയോകളുടെയും ടി,വി ചാനലുകളുടെയും പ്രതിനിധികൾ ഇന്റർവ്യൂ എടുത്തു. നോർവ്വെ ചെറിയ ഒരു നാടാണ്. മൊത്തം ജനസംഖ്യ 5 മില്ല്യനാണ്. ഇന്റർവ്യൂ എടുത്ത പത്രത്തിന്റെ സർക്കുലേഷൻ 3 ലക്ഷത്തി അമ്പതിനായിരമാണ്. ഉന്റർവ്യൂ നല്ല രീതിയിലായിരുന്നു. മസ്ജിദിന്റെ ലക്ഷ്യം, ഇസ്ലാമിന്റെ അധ്യാപനം, ജമാഅത്തിന്റെ ലക്ഷ്യംതുടങ്ങിയ എല്ലാ കാര്യങ്ങളും തങ്ങളുടെ ഇന്റർവ്യൂ വിൽ അവർ ഉൾപ്പെടുത്തി. അവ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും റേഡിയോയിലും ടി.വി.ചാനലുകളിലും സംപ്രേക്ഷണവും ചെയ്തു.

ഇതിനു വേണ്ടി നല്ല സമയം തന്നെ നൽകുകയുണ്ടായി. ജമാഅത്തും ഖലീഫയും തമ്മിലുള്ള ബന്ധമെന്താണ് എന്നും ഇവിടേക്കുള്ള വരവിന്റെ ഉദ്ദേശ്യമെന്താണെന്നും മറ്റും ചോദിക്കുകയും അതിന്റെ വിശദമായ മറുപടി അവർക്ക് നൽകുകയും ചെയ്തു. മാത്രമല്ല അവർ ഇതെല്ലാം സ്വയം അനുഭവിക്കുകയും പുറത്തിറങ്ങിക്കഴിഞ്ഞാൽ ജമാഅത്തംഗങ്ങളോട് ചോദിക്കുകയും ചെയ്യുമായിരുന്നു. മാത്രമല്ല ജമാഅത്തംഗങ്ങൾക്ക് ഖിലാഫത്തിനോടുള്ള ഒരു പ്രത്യേക ആവേശം അവർ വിവരിക്കുമ്പോൾ അവയെല്ലാം ഒന്നു കൂടി ഇവരെ സ്വാധീനിച്ചിരുന്നു. ഇവിടെ ജമാഅത്തും ഖിലാഫത്തും രണ്ടും ഒരേഒരു അസ്തിത്വമായി മാറിയിരിക്കുന്ന ഒരു ജമാഅത്താണ് ഇതെന്ന് അവർക്ക് ബോധ്യമാകുന്നു. മുസ്ലിംങ്ങളെക്കുറിച്ചും പല കാര്യങ്ങളും സംസാരമദ്ധ്യേ വന്നു. മറ്റു മുസ്ലിംകൾ എന്താണ് പറയുന്ന തെന്നും നിങ്ങൾ എന്താണ് പറയുന്നതെന്നും എന്തുകൊണ്ട് നിങ്ങളെ മസ്ജിദ് ഉണ്ടാക്കാൻ അനുവദിക്കുന്നില്ലെന്നും നിങ്ങളെ മുസ്ലിംകളായി അംഗീകരിക്കാത്തത് എന്തുകൊണ്ടാണെന്നും മറ്റും വിശദമായി സംസാരിക്കുകയുണ്ടായി. ഇതെല്ലാം റിപ്പോർട്ടിൽ വരുന്നതാണ്.

നോർവ്വെയിൽ നമ്മുടെ റിസപ്ഷൻ നടന്നപ്പോൾ അവിടെ 120 നോർവീജിയൻ ആളുകൾ പങ്കെടുത്തിരുന്നു. പതിനൊന്ന് പാർലമെന്റ് അംഗങ്ങൾ പങ്കെടുത്തു. അവിടത്തെ പ്രതിരോധ മന്ത്രി ഒരു സ്ത്രീയാണ്. അവർ പ്രധാനമന്ത്രിയുടെ പ്രതിനിധിയായി അവിടെ വന്നിരുന്നു. പ്രധാന മന്ത്രിയുടെ സന്ദേശം അവർ വായിച്ചുകേൾപ്പിച്ചു. ഇതിനു മുമ്പും അവരോട് വിശദമായി ചില കാര്യങ്ങൾ സംസാരിക്കാൻ കഴിഞ്ഞു. അവിടെ നടന്ന സംഭവത്തെ കുറിച്ച് നമ്മൾ അവർക്ക് എഴുതിയിരുന്നു. നിങ്ങളുടെ ദുഃഖം ഞങ്ങൾക്ക് വേഗം മനസ്സിലാക്കാൻ സാധിക്കും. കാരണം ഞങ്ങളുടെ ആളുകളെയും ലാഹോറിൽ ഇതേ രീതിയിൽ വധിക്കുകയുണ്ടായിട്ടുണ്ട്. ജമാഅത്ത് ചെയ്യുന്ന ആതുരസേവനങ്ങളെ കുറിച്ചും വിദ്യാഭ്യാസ സേവനങ്ങളെ കുറിച്ചും ആരോഗ്യ രംഗത്തുള്ള സേവനങ്ങളെകുറിച്ചും വിശദമായി വിവരിച്ചപ്പോൾ അവർ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു. ഒരു ഇസ്ലാമിക പ്രസ്ഥാനത്തിന് ഇങ്ങനെയൊക്കെ ചെയ്യാൻ സാധിക്കുമോ? പിന്നീട് അവർ പറഞ്ഞു. ഞാൻ കുറഞ്ഞ സമയത്തിനായാണ് വന്നിട്ടുളത്. രാത്രി ഏഴെമുക്കാലിനാണ് അവർക്ക് തിരിച്ചു പോകേണ്ടിയിരുന്നത്. എന്നാൽ എനിക്ക് മുമ്പ് പ്രസംഗിച്ചവർ അൽപം കൂടുതൽ സമയം എടുത്തതു കൊണ്ട് എന്റെ പ്രസംഗം തുടങ്ങിയതു തന്നെ ഏഴെ മുക്കാലിനാണ്. എന്നാൽ അവർ അവിടെ തന്നെ ഇരുന്നു. എന്റെ പ്രസംഗവും ദീർഘമുള്ളതായിരുന്നു. കനേഡിയൻ നാടുകളിൽ മുപ്പത് മുപ്പത്തഞ്ച് മിനിട്ടിനെക്കാളും കൂടുതൽ ഒന്നും കേൾക്കാൻ ഇവർക്ക് താൽപരമില്ല. എന്റെ പ്രഭാഷണം ഏകദേശം അമ്പത് മിനിറ്റോളം നീണ്ടുപോയി. പിന്നീട് ഞാൻ ക്ഷാമപണം നടത്തുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു. അല്ല. ഇന്ന് ഞാൻ എന്റെ സമയം ശരിയായ രീതിയിൽ വിനിയോഗിച്ചു എന്നാണ് കരുതുന്നത്. അതിനു ശേഷവും ഇരിക്കുകയുംഭക്ഷണം ക ഴിക്കുകയും ചെയ്തു. ഏഴേ മുക്കാലിന് പോകാനായി വന്നവർക്ക് ഒമ്പതെ മുപ്പതായിട്ടും എഴുന്നേൽക്കാൻ തോന്നുന്നില്ലായിരുന്നു. പല കാര്യങ്ങളും സംസാരിക്കുകയുണ്ടായി.

മസ്ജിദിന്റെ റിസപ്ഷനിൽ ഞാൻ പറഞ്ഞത് മസ്ജിദ് ഏകനായ അല്ലാഹുവിനെ ആരാധിക്കാനുള്ള സ്ഥലമാണ്. ദൈവത്തെ ആരാധിക്കാനാണ് ആളുകൾ ഇവിടെ വരുന്നത്. അതുകൊണ്ട് തീവ്രവാദ ചിന്തകളോ അശാന്തി പരത്തുവാനോ ഇവിടെ വരുന്നവർ ചിന്തിക്കില്ല. വിശുദ്ധ ഖുർആന്നെതിരിലും തിരുനബി (സ) ക്കെതിരിലും ആക്ഷേപം ഉന്നയിക്കുന്ന ഒരു വിഭാഗം ആളുകൾ കനേടിയൻ നാടുകളിലുമുണ്ട്. അതുകൊണ്ട് വിശുദ്ധ ഖുർആന്റെയും തിരു ഹദീസുകളുടെയും വെളിച്ചത്തിൽ പല കാര്യങ്ങളും അവരുടെ മുമ്പാകെ എനിക്ക് വിവരിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതാണ് ഞാൻ വിവരിച്ചത്. തിരുനബി (സ) രാത്രിയിൽ അസ്വസ്ഥനായി ജനങ്ങളെ നേർമ്മാർഗത്തിലാ ക്കാനായി ദുആ ചെയ്യാറുണ്ടായിരുന്നു. ജനങ്ങൾ ദൈവത്തെ തിരിച്ചറി യുന്നവരായി മാറട്ടെ എന്നാണ് പ്രാർത്ഥന. ലോകത്തെ പിടിച്ചടക്കണമെന്നാണ് തിരു നബി (സ) യുടെ ലക്ഷ്യമായിരുന്നെങ്കിൽ രാത്രി ഈ രീതിയിൽ അസ്വസ്ഥ നായി പ്രാർത്ഥിക്കേണ്ട കാര്യമെന്തിരിക്കുന്നു. ഈ പ്രാർത്ഥന ഈ ലോകത്ത് സമാധാനം നിലനാട്ടാൻ വേണ്ടി മാത്രമായിരുന്നില്ല. മറിച്ച് പാരത്രിക ജീവിതത്തിലും ശാന്തി സുരഭിലമായ ജീവിതം നയിക്കാനായിരുന്നു. ഏതായിരുന്നാലും വളരെ നല്ല പ്രോഗ്രാമായിരുന്നു. വളരെ വിശദമായി കാര്യങ്ങൾ വിവരിക്കാൻ സാധിച്ചു. കാൽമാർക്കിന്റെ പ്രസിഡന്റും അവിടെ വന്നിരുന്നു. കനേഡിയൻ നാടുകളിൽ പാർട്ടികൾ എല്ലാം ഒന്നായിട്ടാണ് അറിയപ്പെടുന്നത്. സിസ്റ്റർ പാർട്ടി എന്നാണ് അറിയപ്പെടുക. അവർ പരസ്പരം സഹകരിക്കുന്നുണ്ട്. ഇവിടെ വന്ന പ്രസിഡന്റാണ് ഇപ്പോൾ ഗവർമെന്റുള്ള പാർട്ടിയുടെ സ്വീഡനിലുള്ള പാർട്ടിമെമ്പറാണ്. അദ്ദേഹം വന്ന് നല്ല അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്. അദ്ദേഹം ഇവിടെ നേരത്തെ ജൽസയിൽ പങ്കെടുക്കാനായി വന്നിരുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ ജൽസയിൽ പങ്കെടുക്കാൻ പോയിരുന്നു. ഇസ്ലാമിന്റെ ശരിയായ ചിത്രം സമർപ്പിക്കുന്ന പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്. ഇവരിൽ നിന്നും ഒരു വിധ ഭീഷണിയും ഇല്ല. ശാന്തിയുടെ യഥാർത്ഥ ധ്വജവാഹകരാണിവർ. ഇതേ പോലെ മുൻ പ്രൈ മിനിസ്റ്റർ മസ്ജിദ് കാണാൻ വരുന്നുണ്ടെന്നും മുലാക്കാത്ത് നടത്താൻ ആഗ്രഹിക്കുന്നുണ്ടെന്നും സന്ദേശം ലഭിച്ചു. ഇക്കാലത്ത് ഹ്യൂമൻ റൈറ്റ്സ് ഓർഗനൈസേഷന്റെ നോർവ്വെ പ്രസിഡന്റാണദ്ദേശം. അദ്ദേഹവുമായി വിശദമായി സംസാരിക്കാൻ സാധിച്ചു. ജമാഅത്തിന്റെ സേവനങ്ങൾ എന്തെല്ലാമാണെന്നും എന്നാൽ ജമാഅത്തിന് ഏതെല്ലാം രീതിയിലുള്ള എതിർപ്പുകളാണ് ലോകത്ത് നേരിടേണ്ടി വരുന്നതെന്നും മറ്റും വിശദമായി സംസാരിക്കുകയുണ്ടായി.

ഈ മസ്ജിദ് മുഖേനയും ജമാഅത്ത് അറിയപ്പെടുകയുണ്ടായി. ആഗോളതലത്തിൽ നിർമ്മാണപ്രവർത്തനങ്ങളുടെ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന വേൾഡ് ആർക്കിടക്ച്ചർ ന്യൂസ് എന്ന പത്രം ഓണ് ലൈനിൽ ഉണ്ട്. ഇതിൽ മാസത്തിൽ പത്ത് പതിനൊന്ന് മില്ല്യൻ സന്ദർശകർ ഉണ്ടാകും. ഇവർക്ക് ആഴ്ച തോടുമുള്ള ഈ ന്യൂസ് ലെറ്ററുമുണ്ട്. 147 ആളുകൾക്ക് ഇതിലൂടെ ഈമേൽ ചെയ്യുന്നു. നിർമ്മാണപ്രവർത്തനങ്ങൾ ആഗോളതലത്തിലുള്ളവരും വിദ്യാർത്ഥികളും നിർമ്മാണസ്ഥാപനങ്ങളുമാണ് ഇതിനെ മെമ്പർമാർ. ഈ പത്രവും വെബ്സൈറ്റും മസ്ജിദിന്റെ ഫോട്ടോയും ന്യൂസും നൽകുക യുണ്ടായി. ഉത്തര യൂറോപ്പിലെ ഏറ്റവും വലിയ പള്ളി നിർമ്മിക്കപ്പെട്ടു എന്നും അതിന്റെ ഉദ്ഘാടനത്തിനായി അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവ് വന്നിട്ടുണ്ടെന്നും ഇത് ഒരു പ്രത്യേക അടയാളമാണെന്നും പ്രത്യേക രീതിയിലാണ് ഇത് ഡിസൈൻ ചെയ്യപ്പെട്ടതെന്നും മസ്ജിദ് സമാധാനത്തിന്റെ അടയാളമാണെന്നും അതിൽ ന്യൂസ് നൽകിയിട്ടുണ്ട്. ഞാൻ ചുരുങ്ങിയ രീതിയിലാണ് വിവരിച്ചത്. മസ്ജിദിനെ പരിചയപ്പെടുത്തിക്കൊണ്ട് ഇസ്ലാമിനെ കുറിച്ച വളരെ വിശദമായി അതിൽ വിവരണം നൽകിയിട്ടുണ്ട്.

ഇന്റർനെറ്റ് ടെക്നോളജി മേഗസിൻ പബ്ലിക്കേഷൻ എന്നിവയിൽ പേരുകേട്ട സ്വിസ് കോം മീഡിയക്കും നല്ല സ്ഥാനമാണുള്ളത്. ടക്നോളജിയുമായി ബന്ധപ്പെട്ട വാർത്തകളാണ് അതിൽ വരുന്നത്. മസ്ജിദുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഇസ്ലാമിനെയും അഹ്മദിയ്യത്തിനെയും പരിചയപ്പെടുത്തി യിട്ടുണ്ട്. അതേപോലെ പള്ളി ഉദ്ഘാടനവും റിസപ്ഷനുമായി ബന്ധ പ്പെടുത്തിയും ന്യൂസ് നൽകിയിട്ടുണ്ട്. നോർവ്വീജിയൻ പ്രതിരോധമന്ത്രിയുടെ മസ്ജിദ് റിസപ്ഷനിൽ നടത്തിയ പ്രസ്താവനയും അതിൽ ചേർത്തിയിട്ടുണ്ട്. പ്രതിരോധ മന്ത്രി പറഞ്ഞു. നവനോർവ്വെ നിർമ്മാണത്തിൽ മതങ്ങൾക്കും വലിയ പങ്ക് വഹിക്കാനുണ്ട്. അതുകൊണ്ട് എല്ലാവർക്കുമായി നമ്മുടെ ഹൃദയം തുറന്ന് കൊടുക്കേണ്ടതാണ്. എല്ലാവരെയും കൂടെ കൂട്ടിക്കൊണ്ട് മുന്നോട്ട് പോകണം. ഇന്നിവിടെ നാം കാണുന്നതുപോലെ. (നമ്മുടെ മസ്ജിദ് റിസപ്ഷനിൽ) ഇത് ഒരു ആരാധനാലയം മാത്രമല്ല. എനിക്ക് ഇവിടെ പൂർണ്ണ സന്തോഷം അനുഭവിക്കുന്നു.

നോർവ്വെയിൽ നടന്ന കൂട്ട നരഹത്യയെ അപലപിച്ചുകൊണ്ട് ഞാൻ നൽകിയ പ്രസ്താവനയും അവർ അതിൽ എടുത്തു കൊടുത്തിട്ടുണ്ട്. നോർവ്വെയിൽ നിന്ന് തിരിച്ചു വരുമ്പോൾ ഹംബർഗിൽ തങ്ങി. അവിടെ രണ്ട് പാർലമെന്റ് മെമ്പർമാർ കാണാൻ വന്നിരുന്നു. പാർലിമെന്റിൽ അവർ നല്ല സ്ഥാനങ്ങളാണ് വഹിക്കുന്നത്. ഹ്യൂമൻ റൈറ്റ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തുന്നത്. അവരോട് വിശദമായി മനുഷ്യാവകാശങ്ങളെ കുറിച്ച് സംസാരിക്കുകയുണ്ടായി. ഞാൻ ചില ചോദ്യങ്ങൾ അവരോട് ചോദിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ അവർ പറഞ്ഞു. അതിനുള്ള മറുപടി തയ്യാറാക്കി ഞാൻ കൊണ്ടുവന്നിട്ടില്ല. ലോകത്ത് സമാധാനം ഉണ്ടാക്കാൻ എങ്ങിനെ സാധിക്കും എന്നതിനെ കുറിച്ച് ഞാൻ അവസാനം പറഞ്ഞു. വിശുദ്ധ ഖുർആന്റെ അധ്യാപനം എന്താണെന്ന് കേൾപ്പിച്ചു. അതേപോലെ ചില പാശ്ചാത്യ നാടുകൾ എന്താണ് ചെയ്യുന്നത് എന്നെല്ലാം വിശദീകരിച്ചു. നമ്മുടെ രണ്ട് സഹോദരന്മാരാണ് അവരെ കൊണ്ടു വന്നിരുന്നത്. പുറത്തിറങ്ങിയതിനു ശേഷം അദ്ദേഹം അവരോട് പറയുകയുണ്ടായി. അദ്ദേഹം എനിക്ക് പുതിയ ചിന്താധാര നൽകിയിരിക്കുകയാണ്. ഞങ്ങൾ ഒരു രീതിയിലാണ് ചിന്തിച്ചിരുന്നത്. ഇനി ഈ ചിന്താധാരയിലൂടെ ആലോചിച്ചു കൊണ്ട് ലോകത്ത് സമാധാനമുണ്ടാക്കാൻ എങ്ങനെ കഴിയും എന്ന് നോക്കണം. ഞാൻ അവരോട് കാര്യങ്ങൾ തുടർന്ന് പറഞ്ഞിരുന്നു. സമാധാനം സ്ഥാപിക്കണം എന്ന മുദ്രാവാക്യം വിളിക്കുന്ന അതേശക്തികൾ തന്നെയാണ് ആയുധങ്ങൾ വിതരണം ചെയ്യുന്നത്. ഇതു മുഖേന സമാധാനം എങ്ങിനെ സ്ഥാപിക്കപ്പെടാനാണ്. സമാധാനത്തിന്റെ പേരും പറഞ്ഞ് അക്രമ പരമ്പര യാണ് അഴിച്ചുവിടുന്നത്. ലിബിയ നമ്മുടെ മുമ്പിലുണ്ട്. ഏതായിരുന്നാലും കുറച്ചൊക്കെ കാര്യങ്ങൾ അവർക്ക് മനസ്സിലായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നത് സമാധാനം സ്ഥാപിച്ചു കഴിഞ്ഞാൽ പിന്നെ മടങ്ങിവരിക എന്നാണ്. അതല്ലാതെ സ്വയം അഹം പെരുപ്പിക്കാനോ വ്യക്തിതാൽപര്യങ്ങൾ സംരക്ഷിക്കാനോ ഭൗതിക നേട്ടം കൊയ്യാനോ നോക്കരുത്. വിശുദ്ധ ഖുർആന്റെ സുന്ദര പാഠം ഇതാണ്. ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ സമാധാനം നിലനിൽക്കും. അല്ലെങ്കിൽ

സമാധാനം ലോകത്ത് ഉണ്ടാവില്ല. അവർക്ക് മനസ്സിലായ കാര്യത്തെ കുറിച്ച് ചിന്തിക്കുന്നതാണെന്നും തന്റെ പരിധിയിലുള്ള മരുള്ളവരിൽ ഈ സന്ദേശം എത്തുക്കുന്നതാണെന്നും പറയുകയുണ്ടായി.

ഇവിടെ നിന്ന് ഒരു ദിവസത്തേക്ക് ഡന്മാർക്കിലെ പട്ടണമായ നാറ്റ്സ്കോയിലേക്ക് പോയി. അൽബാലിയാൻ ബോസ്നിയൻ എന്നിവടങ്ങളിലുള്ള ആളുകളുടെ ഒരു ചെറിയ ജമാഅത്താണത്. ഏകദേശം നൂറിനടുത്ത് ആളുകളാണ് ഉള്ളത്. ഞാൻ കരുതുന്നത് അവിടെ ഒരു പാക്കിസ്ഥാനി പോലുമില്ല എന്നാണ്. ഞാൻ അവിടെ ചെല്ലണം എന്ന ആഗ്രഹം അവർക്കുണ്ടായിരുന്നു. നല്ല ആത്മാർത്ഥതയുള്ള ജമാഅത്താണ്. അതുകൊണ്ട് പല പ്രയോജനവും ഉണ്ടായി. തർബിയത്തിപരമായ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. ചില വീട്ടുകാർ ഇഖ്ലാസിലും കൂറിലും മുൻകടന്നതു കണ്ട് അത്ഭുതം തോന്നുന്നു. അവർ മുമ്പ് കണ്ടിട്ടില്ല. കുട്ടികൾ മുതൽ മുതിർന്നവർ വരെ വളരെ ആത്മാർത്ഥരായവരാണ്. എല്ലാവരുമായും മുലാക്കാത്ത് നടന്നു. ഒരു രാത്രിയാണ് അവിടെ തങ്ങിയത്. അവിടെ പോയത് വളരെ പ്രയോജനം ചെയ്തു. അവിടെ ജമാഅത്ത് ഒരു സെന്റർ വാങ്ങിയിട്ടുണ്ട്. അവിടെ ജമാഅത്ത് നമസ്ക്കാരവും ജുമുഅയും എല്ലാം നടക്കുന്നുണ്ട്. ഇപ്പോൾ അതിന് മസ്ജിദിന്റെ രൂപം നൽകിയിരിക്കുകയാണ്. അവിടത്തെ മേയറുടെ പ്രതിനിധി ഡപ്യൂട്ടി മേയറും മറ്റും ചില ഉന്നത വക്തിത്വങ്ങളും വന്നിരുന്നു. അവരുമായി മുലാക്കാത്ത് നടത്തി. ഞാൻ അവരോട് പറഞ്ഞു. ഞങ്ങൾക്കിവിടെ മസ്ജിദ് ഉണ്ടാക്കാനുള്ള സ്ഥലം ലഭിക്കുകയാണെങ്കിൽ മസ്ജിദ് നിർമ്മിക്കുമായിരുന്നു. അവർ വാഗ്ദാനം ചെയ്തിട്ടുണ്ട്. സ്ഥലം കിട്ടാതിരിക്കാൻ ഒരു കാരണവുമില്ലെന്നും നിങ്ങൾ സമാധാനപ്രിയരായ ജമാഅത്താണെന്നും ഞങ്ങൾക്കറിയാമെന്നും അവർ പറയുകയുണ്ടായി. ഇപ്പോൾ മസ്ജിദിന്റെ രൂപം നൽകിയ ഈ സ്ഥലത്ത് കുറച്ച് മാസങ്ങൾക്ക് മുമ്പ് ഇസ്ലാമിന്റെ എതിരാളികളായ ചിലർ വന്ന് മാലിന്യങ്ങൾ വലിച്ചെറി യുകയും മറ്റും ചെയ്തിരുന്നതാണ്. എന്നാൽ നഗരസഭയും പോലീസും നമ്മോട് നല്ല പോലെ സഹകരിച്ചിരുന്നു. ശത്രുത അവിടെ ഉണ്ട്. എന്നിരു ന്നാലും അഹ്മദിയ്യത്തിന്റെ സന്ദേശം, ഇസ്ലാമിന്റെ സന്ദേശം അവിടെ പ്രചരിച്ചുകൊണ്ടിരിക്കുന്നുണ്ട്. വിദ്യാസമ്പന്നരായ വിഭാഗങ്ങൾക്കിടയിൽ അഹ്മദിയ്യത്ത് യഥാർത്ഥ ഇസ്ലാമിന്റെ ചിത്രമാണ് സമർപ്പിക്കുന്നത് എന്നത് അറിയാവുന്നതാണ്. ഇവർ സമാധാനകാംക്ഷികളാണെന്നും അവർക്കറിയാം. ഇതു കൊണ്ട് വലിയ പ്രയോജനമാണുള്ളത്. സന്ദർശന സമയത്ത് പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന വാർത്തകളും ജനങ്ങൾക്കിടയിൽ ഈ സന്ദേശം കൂടുതലായി വ്യാപിക്കുന്നതിന് കാരണമായിത്തീരുന്നുണ്ട്.

തിരിച്ചുവരുമ്പോൾ ബ്രസീലിൽ (ബൽജിയം) ആദ്യത്തെ പള്ളിയായ ബൈത്തുൽ മുജീബിന് തറക്കല്ലിടുകയുണ്ടായി. ഈ മസ്ജിദും ഒരു വർഷം കൊണ്ട് പൂർത്തിയാകുമെന്നാണ് കരുതുന്നത്. ഇൻശാ അല്ലാഹ്. മനോഹരമായ മസ്ജിദാണ് നിർമ്മിക്കുന്നത്. ബെൽജിയത്തെ ആദ്യത്തെ പള്ളിയാണിത്. ദിൽബിക്കസ് എന്ന സ്ഥലത്ത് നമ്മുടെ മിഷ്യൻ നേരത്തെ ഉണ്ട്. അവിടത്തെ മേയറും പാർലിമെന്റ് മെമ്പർമാരും വന്നിരുന്നു. അവരെല്ലാം നല്ല അഭിപ്രായങ്ങളാണ് രേഖപ്പെടുത്തിയത്. പാർട്ടി പ്രതിനിധിയും ഉണ്ടായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളെ അവരെല്ലാം ശ്ലാകിക്കുകയുണ്ടായി. മേയർ ഈ പ്രോഗ്രാമിന്റെ സിഡികളും ഫോട്ടോയും എല്ലാം തരാൻ അപേക്ഷിച്ചു. എന്നിട്ട് പറഞ്ഞു ഞാൻ ജമാഅത്തിന്റെ ഈ പള്ളിയും നിങ്ങളുടെ പരിപാടികളും മറ്റും കൗൺസിൽ അംഗങ്ങളെ കാണിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിലും ഇങ്ങനെയുള്ള മനോഹര മസ്ജിദും ചുറ്റുപാടും ഉണ്ടായി വരണമെന്നും അവരോട് പറയുന്നതാണ്. എന്റെ പ്രസംഗം കൗൺസിലിന്റെ ഓഫീഷ്യൽ വെബ്സൈറ്റിൽ ഇടാൻ ആഗ്രഹിക്കുന്നതായും പറഞ്ഞു. മൊറോക്കോയിലെ സവാദ് ഹൈദർ സാഹിബ് വന്നിരുന്നു. അദ്ദേഹം മുസ്ലി മാണ്. ബ്രവൽ പാർട്ടി മെമ്പറാണ്. അദ്ദേഹവും തന്റെ നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു. ലോക മുസ്ലിംകൾക്ക് ഖിലാഫത്തില്ലാതെ ഒരു ശോഭന ഭാവിയുമില്ല. എന്നെ കുറിച്ചു പറഞ്ഞുകൊണ്ട് പറഞ്ഞു. അദ്ദേഹത്തിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശം എന്റെ സഹ പ്രവർത്തകരിലും മറ്റെല്ലായിടത്തും കഴിവതും പ്രചരിപ്പിക്കുവാൻ പരിശ്രമിക്കുന്നതാണ്. നമ്മുടെ മുബല്ലിഗ് സഹിബിനോട് പറഞ്ഞു. ഈ ആഴ്ച്ച എന്നെ വന്ന് കാണണം. ഇതിനു മുമ്പും എന്നെ കണ്ടിട്ടുണ്ട്. വളരെ നല്ല മനുഷ്യനാണ്. ജമാഅത്തിനോട് നല്ല ബന്ധമാണ്. ധൈര്യശാലിയ പൊതു പ്രവർത്തകനാണ്. കാര്യങ്ങൾ തുറന്നു പറയുന്ന വ്യക്തിയാണ്. അല്ലാഹു വിന്റെ അനുഗ്രഹത്താൽ സന്ദർശനം കൊണ്ട് പത്രമാധ്യമങ്ങളുടെ ശ്രദ്ധ വരുന്നതും രാഷ്ട്രീയ നേതാക്കളുടെയും പ്രവർത്തകരുടെയും ശ്രദ്ധ നമ്മിലേക്ക് തിരിയുന്നതും വിദ്യാസമ്പന്നരായവരുടെ ശ്രദ്ധ നമ്മിലേക്ക് തിരിയുന്നതും കൊണ്ട് എത്രയോ ഫലം ഉണ്ടാകുന്നു. ഇതെല്ലാം നമ്മുടെ ചെറിയ പരിശ്രമങ്ങൾ എന്ന് മാത്രം. യഥാർത്ഥ ഫലം നൽകേണ്ടത് അല്ലാഹുവാണ്. *അല്ലാഹു ഈ ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുമാറാകട്ടെ.*

ഒരു പ്രദേശത്തെ മേയർ അവിടെ വന്നിരുന്നു. അദ്ദേഹം പറഞ്ഞു. ഈ പരിപാടിയിൽ പങ്കെടുത്തപ്പോൾ വലിയ സന്തോഷമായി. മിനിസ്റ്റർ ബ്രേ എജുക്കേഷൻ യൂത്ത് പാസ്ക്കസ്മിത്ത് എന്റെ പട്ടണത്തിൽ ഔദ്യോകിക സന്ദർശനത്തിനായി വരുന്നുണ്ട്. മേയർ എന്ന നിലക്ക് എന്റെ സാന്നിദ്ധ്യം അവിടെ അത്യാവശ്യമാണ്. എന്നിരുന്നാലും ഈ ചരിത്രസംഭവത്തിൽ ഖലീഫത്തുൽ മസീഹ് ഇവിടെ വന്നിരിക്കെ ഞാനും ഇതിൽ പങ്കെടുക്കേണ്ടത് അനിവാര്യമാണെന്ന് കരുതിക്കൊണ്ടാണ് ഞാനിവിടെ വന്നിരിക്കുന്നത്. *അല്ലാഹു അദ്ദേഹത്തിന് പ്രതിഫല നൽകുമാറാകട്ടെ.*

ഒരു സ്ഥലത്തെ ഡെപ്യൂട്ടി മേയർ പറയുകയുണ്ടായി. ഈ പള്ളിയുടെ അംഗീകാരം ലഭിക്കുന്നതിന്നായി ബൽജിയം ജമാഅത്തിനെ ഞാൻ സഹായിക്കുകയും അവരോട് സഹകരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് ഹുസൂറിന്റെ പ്രസംഗം കേട്ടതിനു ശേഷം ദൃഢമായി എനിക്ക് പറയാൻ സാധിക്കും. ജമാഅത്തിന് ഞാൻ നൽകിയിരിക്കുന്ന സഹകരണവും സഹായവും തികച്ചും ശരിയായതാണ്. ഇത് വെറും പള്ളിയല്ല, ഇത് ബെൽജിയത്തും ഈ പ്രദേശത്തുള്ളവർക്കും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഒരടയാളം കൂടിയായിരിക്കും എന്ന് ഖലീഫയുടെ വാക്കുകൾ എന്ന ഏറെ സന്തോഷിപ്പിച്ചിരിക്കുകയാണ്.

ചുരുക്കത്തിൽ എല്ലാ നിലയിലും ഈ സന്ദർശനങ്ങൾ വളരെ അനുഗ്രഹീതമായി. അല്ലാഹു ബർക്കത്ത് ഇട്ടു. ഇസ്ലാമിനെതിരിലുള്ള ഒരു പാർട്ടി കുറച്ച് ദിവസം മുമ്പ് ഈ മസ്ജിദ് ഒരു കാരണവശാലും ഉണ്ടാക്കാൻ അനുവദിക്കരുതെന്ന് പറഞ്ഞ് ശക്തമായ പ്രചാരം ഈ പ്രദേശങ്ങളിൽ നടത്തിയിരുന്നു. അവർ ഒരു പ്രകടനത്തിന് ദിവസം നിശ്ചയിക്കുകയും ചെയ്തു. രണ്ട് ദിവസം മുമ്പാണ് പ്രകടനം നടത്തിയിരുന്നത്. ശനിയാഴ്ച്ച

നാം തറക്കല്ലിട്ടു. വ്യാഴാഴ്ച്ചയായിരുന്നു പ്രകടനം. കുറച്ചു പേരെ അതിൽ പങ്കെടുത്തിരുന്നുള്ളൂ. ആരും അതിലേക്ക് ശ്രദ്ധിച്ചില്ല. അവിടെയുള്ള സംഘാടകർക്കുണ്ടായിരുന്ന മനഃപ്രയാസം തീരെ ഇല്ലാതാക്കുന്ന രീതിയിലായിരുന്നു അല്ലാഹുവിന്റെ പെരുമാറ്റം.

ഇതെല്ലാം അല്ലാഹുവിന്റെ ഫള്ലാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. നമ്മുടെ പ്രയത്നം കുട്ടികളുടെ കളിമാത്രമാണ്. ലോകത്തില്ലായിടത്തുമുള്ള ജനങ്ങളുടെ മനസ്സുകളിൽ വ്യാപിച്ചിരിക്കുന്ന മാലിന്യം നമുക്ക് നീക്കാൻ സാധ്യമല്ല. ദൈവ സ്നേഹം അവരുടെ ഹൃദയത്തിൽ നിറക്കാനും ആർക്കും കഴിയില്ല. അവരെല്ലാം ഒന്നായിത്തീരുന്നതരത്തിൽ അവർക്കിടയിൽ സംശുദ്ധമായ സ്നേഹം ഉണ്ടാക്കാനും നമുക്കാവില്ല. അതെ ല്ലാം അല്ലാഹുവിന്റെ ജോലിയാണ്. സഹാബാ (റ) നെക്കുറിച്ച് തിരുനബിയെ സംബോധന ചെയ്തുകൊണ്ട് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

هُوَ الَّذِىٓ اَيَّدَكَ بِنَصۡرِهٖ وَبِالۡمُؤۡمِنِيۡنَ ۝٦٣ وَاَلَّفَ بَيۡنَ قُلُوۡبِهِمۡ ؕ لَوۡ اَنۡفَقۡتَ مَا فِى الۡاَرۡضِ جَمِيۡعًا مَّاۤ اَلَّفۡتَ بَيۡنَ قُلُوۡبِهِمۡ وَلٰـكِنَّ اللّٰهَ اَلَّفَ بَيۡنَهُمۡ ؕ اِنَّهٗ عَزِيۡزٌ حَكِيۡمٌ ۝٦٤

തന്റെ സഹായം കൊണ്ടും വിശ്വാസികൾ കൊണ്ടും നിന്നെ സഹായിച്ച അല്ലാഹു അവരുടെ ഹൃദയത്തിൽ പരസ്പരം സ്നേഹം ഇട്ടുകൊടുക്കുകയും ചെയ്തു. നീ ഭൂമിയിലെ ഖജനാവ് ഒന്നടങ്കം ചെലവഴിച്ചിരുന്നെങ്കിൽ ഈ രീതിയിലുള്ള സ്നേഹം ഇട്ടുകൊടുക്കാൻ നിനക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവാണ് അവർക്കിടയിൽ ഈ അനുരാഗം ഇട്ടത്. അവൻ പ്രതാപവാനും യുക്തിജ്ഞനുമായ അല്ലാഹുവാണ്. മുമ്പ് ഇത് ചെയ്ത അല്ലാഹുവിന് ഇപ്പോൾ ഇത് ചെയ്യാൻ സാധിക്കുന്നതാണ്.ഭാവിയിലും അവനിൽ തന്നെ തവക്കൽ ചെയ്യുന്നു. ആയിത്തീരാനുള്ള പ്രവർത്തികളിൽ അല്ലാഹുവിന്റെ ഫള്ലിന്റെ ആത്മാവ് ഊതപ്പെടുന്നതാണ്. തോട്ടക്കാരൻ തന്റെ തോട്ടം നനയ്ക്കുമ്പോൾ അത് പുത്തനുണർവ്വുള്ളതായിത്തീരുന്നു. ഇതേ പോലെ അല്ലാഹു തന്റെ പ്രവാചകരുടെ പ്രസ്ഥാനങ്ങൾക്ക് വിജയവും നവോന്മേഷവും പ്രദാനം ചെയ്യുന്നു. തങ്ങളുടെ പദ്ധതികളാൽ ഉണ്ടാക്കുന്ന സ്വയകൃത കക്ഷികൾക്കിടയിൽ അൽപം നാളുകൾക്കുള്ളിൽ പരസ്പരം വിദ്വേഷവും അകൽച്ചയും ഉടലെടുക്കുന്നു. ഏതുപോലെ ബ്രഫമ് കുറച്ചുകാലം മുന്നേറി പിന്നീട് നിലച്ചുപോവുകയുണ്ടായി. ദൈനം ദിനം അത് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കാരണം അത് മനുഷ്യചിന്തയിൽ നിന്നും ഉയർന്നു വന്ന ആശയമാണ്.

ഇത് അല്ലാഹുവിന്റെ ജമാഅത്താണ്. ഇത് മുന്നേറിക്കൊണ്ടേ ഇരിക്കും. അല്ലാഹു നമുക്കും നമ്മുടെ അല്ലറചില്ലറ സേവനങ്ങൾ ചെയ്യാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. അങ്ങനെ ഈ വിജയത്തിന്റെ ഭാഗമായി നാമും നമ്മുടെ സേവനവും മാറട്ടെ. നമ്മുടെ പ്രയത്നത്തിൽ അല്ലാഹു ബർക്കത്ത് ഇടട്ടെ. നമുക്ക് വിജയത്തിന്റെ കാഴ്ച്ചകൾ കാണിച്ചു തരികയും ചെയ്യട്ടെ.

നമസ്കാരത്തിന് ശേഷം ഒരു ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. ചൗധരി ഗുലാം ഖാദിർ  സാഹിബിന്റെ ഭാര്യ ഖുർശീദ് ബീഗം സാഹിബയുടേതാണ്. ഒക്ടോബർ മാസം നാലിന് വഫാത്തായി

സദ്ർ ലജ്ന എന്ന നിലയിൽ ദീർഘകാലം സേവനമനുഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. തഹജ്ജുദ് നമസ്ക്കരിക്കുന്ന സ്ത്രീരത്നമായിരുന്നു. നോമ്പും നമസ്ക്കാരവുമെല്ലാം കൃത്യമായി അനുഷ്ടിച്ചിരുന്നു. നിത്യവും തിലാവത്ത് ചെയ്യുന്ന ശീലമുണ്ടായിരുന്നു. കുട്ടികളും നമസ്കാര കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. കുട്ടികളെ ഖുർആൻ പഠിപ്പിക്കാൻ ശ്രമിച്ചിരുന്നു. വസിയ്യത്ത് ചെയ്തിരുന്നു. മുഹമ്മദ് ഇഖ്ബാൽ സാഹിബ് മടഗാസ്ക്കറിലെ മുബല്ലിഗാണ് ഇവരുടെ മകൻ. ജനാസയിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതുകൊണ്ട് അവരുടെ ജനാസാ ഗായിബ് നമസ്കാരത്തിനു ശേഷം അനുഷ്ടിക്കുന്നതാണ്. നമസ്കാരശേഷം ജനാസ ഗായിബ് അനുഷ്ടിക്കുന്നതാണ്.

# PRINTED BOOKS

From
Ahmadiyya Mission House
K.N.Road Karapparamba
Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 October 21 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: MUDASSER AHMED Calicut
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**